പണിക്ക് ആവശ്യമായ തുക ഈ ഗവൺമെൻറ് നൽകുന്നതാണ്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. ഇൻടേക്ക് വെല്ലിൻെറ പണി തീർന്നു വരികയാണ്. പമ്പിംഗ് ഹൗസിൻെറ പണി തീർന്നു കഴിഞ്ഞു. 5,700 മീറ്റർ പമ്പിംഗ് മെയിനിൻെറ പണിയിൽ 4880 മീറ്റർ പൈപ്പുകൾ ഇട്ടുകഴിഞ്ഞു. ട്രീറ്റുമെൻറ് പ്ലാൻറിൻെറ ജോലികൾ നടന്നു വരുന്നു. പാപ്പിനിവട്ടത്തെ ഓയിൽ ടാങ്കിൻെറ പണി പൂർത്തിയായി. നാലു റിസർവോയറുകൾക്ക് വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. പദ്ധതിയ്ക്ക് ആവശ്യമായ ഫിനാൻസ് കൊടുക്കുന്നതാണ്. ഈ നിലയിൽ പ്രവർത്തനങ്ങൾ നടക്കുമ്പോൾ അതിന് വലിയ പരിഗണനയാണ് ഈ ഗവൺമെൻറ് കൊടുത്തിട്ടുള്ളത്. യാതൊരു അവഗണനയും ഇക്കാര്യത്തിൽ കാണിച്ചിട്ടില്ല.

7. റാന്നി നിയോജകമണ്ഡലത്തിലെ ബഗ്ലാംകടവു പാലത്തിൻെറ പണി

ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി: സർ, റാന്നി നിയോജകമണ്ഡലത്തിലെ വടശ്ശേരിക്കര പഞ്ചായത്തും റാന്നി—പഴവങ്ങാടി പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന ബഗ്ലാംകടവിൽ ഒരു പാലം നിർമ്മിക്കണമെന്ന ആവശ്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഞാൻ ഇതുന്നയിക്കുന്നത്. കോട്ടയം എരുമേലി പ്രദേശങ്ങളിൽനിന്നും ശബരിമലയിലേയ്ക്ക് പോകുന്നവഴിക്ക് ബഗ്ലാംകടവിൽ ഒരു പാലം പണിയുകയാണെങ്കിൽ ഇന്ന് റാന്നി പഞ്ചായത്തിൻെറ ഹൃദയഭാഗത്ത് നിലവിലുള്ള തിരക്ക് ഗണ്യമായി കുറയ്ക്കുവാൻ കഴിയുന്നതാണ്. അതു പോലെതന്നെ ശബരിമലയിലേയ്ക്കുള്ള ദൂരം എത്രാണ്ട് ആറുകിലോമീറ്ററോളം കുറയുന്നതാണ്. ബഗ്ലാംകടവു പാലം തീർക്കുമ്പോൾ ചീറ്റാർ, സീതത്തോട്, ആങ്ങമുഴി, മുഴിയാർ, ശബരിമല മുതലായ മലയോരപ്രദേശങ്ങളിലുള്ളവരുടെ യാത്രാക്ലേശം ഒഴിവായിക്കിട്ടുന്നതും സംസ്ഥാനത്തിൻെറ വിവിധ കേന്ദ്രങ്ങളുമായി ബന്ധപ്പെടുന്നതിനും ആ പ്രദേശങ്ങളിലുള്ളവർക്ക് സൗകര്യമുണ്ടാകുന്നതാണ്. അതുകൊണ്ട് എത്രയുംവേഗം ബഹുമാനപ്പെട്ട മന്ത്രി ഈ പാലത്തിൻെറ പണിയെ സംബന്ധിച്ചുള്ള പ്രാരംഭനടപടികൾ ആരംഭിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ബഗ്ലാംകടവിൽ ഒരു പാലം നിർമ്മിക്കാനുള്ള ഒരു പ്രപ്പോസൽ ഇപ്പോൾ ഗവൺമെൻറിൻെറ കൈയിൽ ഇല്ല. അതിനുള്ള നിവേദനം കിട്ടിയതിൻെറ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്താൻ പറഞ്ഞിരിക്കുകയാണ്. അതിൻെറ ഒരു ഭാഗത്ത് പഞ്ചായത്തു റോഡാണ്. ആ റോഡ് ഗവൺമെൻറ് ഏറ്റെടുത്തിട്ടില്ല. ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞതിനുശേഷം ഡിസൈൻ എല്ലാം തയ്യാറാക്കി സാമ്പത്തിക ലഭ്യതയനുസരിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

8. ചിമ്മിനി ഡാമിൻെറ പണി

ശ്രീ. വി. കെ. രാജൻ: സർ, ഞാൻ തൃശ്ശൂർ ജില്ലയിലെ ചിമ്മിനി ഡാമിൻെറ ഒരു കാര്യം ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ചിമ്മിനി ഡാമിൽ ഒന്നരവർഷമായി മേസൺറി വർക്ക് നടക്കുന്നില്ല. ഫണ്ടില്ലാത്ത കാരണത്താലാണ് അത്

LIBRARY ARCHIVES Kerala Legislative Assembly

നടക്കാത്തതെന്നാണ് ആദ്യം പറഞ്ഞിരുന്നത്. അവിടെ മേസൺറി വർക്ക് നടക്കുന്നില്ലെങ്കിൽപ്പോലും കഴിഞ്ഞ ഒന്നരവർഷത്തിനിടയിൽ 1,20,000 ചാക്ക് സിമൻറ് എത്തിയതായിട്ടാണറിയുന്നത്. ആ സിമൻറ് അവിടത്തെ വർക്കിന് ഉപയോഗിക്കാതെ അവിടെനിന്നു കടത്തിക്കൊണ്ടുപോയി ബ്ലാക്കിൽ വിറ്റതായിട്ടാണ് പല കേന്ദ്രങ്ങളിൽനിന്നും അറിയപ്പെടുന്നത്. അതിലുപരി ആവശ്യമില്ലാത്ത ഘട്ടത്തിൽ സിമൻറ് വരുത്തുകയും അത് അവിടത്തെ കണക്കിൽക്കൊള്ളിച്ച് മറ്റ് ഏതെങ്കിലും സ്ഥലത്തേയ്ക്ക് മറയ്ക്കുമ്പോൾ ചാക്കൊന്നിന് 5 രൂപ വീതം അവിടത്തെ എഞ്ചിനീയർ കൈക്കൂലിവാങ്ങുകയും ചെയ്യുന്നുവെന്ന പരാതിയുണ്ടായിരിക്കുന്നു. അതേസംബന്ധിച്ച് തൃശ്ശൂർ ഡി.ഡി.സി. യിൽ വിവാദപരമായ ചർച്ച നടന്നു. അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട മന്ത്രി ഇത്തരം കാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ട് അടിയന്തിരമായിട്ട് അവിടെ പണി ആരംഭിക്കണമെന്നഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, 7,000 ക്യൂബിക് മീറ്റർ മേസൺറി വർക്ക് കഴിഞ്ഞിട്ടുണ്ട്. നാലു മുതൽ ഒൻപതുവരെയുള്ള ബ്ലോക്കുകളിൽ ജോലികൾക്ക് ടെൻറർ വിളിച്ചു കഴിഞ്ഞു. സെപ്തംബർ മാസത്തോടുകൂടി ആ ജോലി ഏറ്റെടുക്കുവാൻ കഴിയും. പിന്നെ സിമൻറിനെ സംബന്ധിച്ച് പറഞ്ഞു. ബ്ലാക്കിൽ ആരെങ്കിലും സിമൻറ് വിറ്റിട്ടുണ്ടോയെന്ന് എനിക്കറിയില്ല. അവിടെ സ്റ്റോക്ക് ചെയ്തിരുന്ന സിമൻറ് കാരാപ്പുഴ, കല്ലട, മൂവാറ്റുപുഴ, പെരിയാർവാലി എന്നീ പദ്ധതികൾക്കുവേണ്ടി ആവശ്യം വന്നപ്പോൾ കൊണ്ടുപോയിട്ടുണ്ട്. അവിടെ വർക്ക് പ്രോഗ്രസ് ചെയ്തിട്ടില്ല. സിമൻറ് ആവശ്യമില്ലാതിരുന്ന സമയത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അറിവോടുകൂടി മറ്റു പദ്ധതികൾക്കുവേണ്ടി കൊടുത്തിട്ടുണ്ട്. അതിൽ യാതൊരു തെറ്റും ഇല്ല.

9. മാന്നാനം—പുലിക്കുട്ടിശ്ശേരി റോഡിൻറെ നിർമ്മാണം

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, ആർപ്പൂക്കര പഞ്ചായത്തിൽ ടാറിട്ട ഒരു റോഡുപോലുമില്ല. മാന്നാനം—പുലിക്കുട്ടിശ്ശേരി റോഡിന് 1983-ൽ എ.എസ്. നൽകി. ഈ വർഷത്തെ ബഡ്ജറ്റിൽ രണ്ടു ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എൻറെ നിയോജകമണ്ഡലത്തിലുള്ള M.L.A. റോഡുകളും ലിങ്കു റോഡുകളാണ്. നാലും നാലും എട്ടു ലക്ഷം രൂപ മാത്രമേ മുടക്കിയിട്ടുള്ളൂ. ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രി കഴിഞ്ഞമാസം 28-ാം തീയതി അത് ഉൽഘാടനം ചെയ്തു. അന്ന് ആവശ്യപ്പെട്ടതാണ് ഈ മാന്നാനം—പുലിക്കുട്ടിശ്ശേരി റോഡ്. ഈ വർഷത്തിൽത്തന്നെ അതിൻറെ ടെൻറർ ചെയ്ത് പണി പൂർത്തിയാക്കണമെന്നഭ്യർത്ഥിക്കുന്നു.

ഉപ മുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, 1983-ൽ പതിനെട്ടു ലക്ഷത്തി മുപ്പത്തൊൻപതിനായിരം രൂപയുടെ എസ്റ്റിമേറ്റിന് ഗവൺമെൻറ് രേണാനുമതി നൽകിയിട്ടുണ്ട്. അന്ന് പ്രത്യേക അനുമതി ചോദിച്ചുകൊണ്ട് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു. പക്ഷേ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് എടുക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കൊല്ലം ബഡ്ജറ്റിൽ രണ്ടുലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെങ്കിൽ ഇക്കാര്യം പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly